For Private Circulations Only
News Letter August 2009

# തീരം Theeram

Transforming Lives Together

## മുഖമൊഴി

### ചാരിതാർത്ഥ്യത്തോടെ

### തീരം ഫെസ്റ്റ് 2009

തീരം സെന്ററുകളുടെ ആഭിമുഖ്യത്തിൽ ഏഴാം വാർഷികം 'തീരം ഫെസ്റ്റ് 2009' എന്ന പേരിൽ ആഗസ്റ്റ് 1-ാം തീയതി വാകത്താനത്ത് വച്ച് നടക്കുന്ന സന്ദർഭമാണിത്. പിൻ തിരിഞ്ഞു നോക്കുമ്പോൾ സന്തോഷവും സംതൃപ്തിയും ജനകീയാംഗീകാരവും നേടുവാൻ കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. 200-ൽ പരം വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസവും സന്തോഷവും സ്നേഹവും പങ്കിടുന്ന 'തീര'മായിത്തീരുവാൻ കഴിയുന്നതിലും സന്തോഷമുണ്ട്. ഈ പ്രവർത്തനങ്ങൾക്കുള്ള പ്രചോദനവും പിൻബലവും പ്രിയ സഹകാരികളുടെയും സഹപ്രവർത്തകരുടെയും ഔദാര്യവും സ്നേഹവും സംഭാവനകളുമാണ്.

ശരാശരി ഒരു മാസം 2.5–3 ലക്ഷം രൂപ ഈ പ്രവർത്തനങ്ങൾക്ക് ചെലവ് വരുന്നു. ഈ തുക മുഴുവൻ സ്നേഹനിധികളുടെ ബാഹ്യപ്രേരണയോ പലപ്പോഴും നേരിട്ടുള്ള അഭ്യർത്ഥന പോലുമോ കൂടാതെ ലഭിക്കുന്നു എന്നത് വലിയ ഈശ്വര നിയോഗമായി തിരിച്ചറിയുന്നു. എല്ലാവർക്കും നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

പള്ളത്ത് ചിറയിൽ ശ്രീമാൻ ബാബു സംഭാവനയായി നൽകിയ 64 സെന്റ് സ്ഥലത്ത് തീരത്തിനു വേി ഒരു സെന്റർ പണിയുന്നതിന് ആഗ്രഹിച്ചിട്ടും ചില സാങ്കേതിക കാരണങ്ങളാൽ നീു പോവുകയാണ്. ഇത്തരുണത്തിലാണ് തൃക്കോതമംഗലം പുത്തൻപുരയ്ക്കൽ ശ്രീമതി ശാന്തമ്മ ഫിലിപ്പോസ് 34 സെന്റ് സ്ഥലം തീരം റെസിഡൻഷ്യൽ /ഡേ കെയർ സെന്റർ പണിയുന്നതിനായി സംഭാവന നൽകിയത്. കാലവിളംബം കൂടാതെ ഈ സ്ഥലത്ത് ആവശ്യമായ കെട്ടിട നിർമ്മാണം നടത്തണമെന്നും ആഗ്രഹിക്കുന്നു. മഹത്തായ ലക്ഷ്യങ്ങളും തനതായ സേവന സരണികളും മുന്നിൽ കാണുന്ന ഈ സ്ഥാപനത്തെ നമ്മുടെ സമൂഹം പിൻതുണ നൽകി അംഗീകരിക്കും എന്നും പ്രത്യാശിക്കുന്നു. കാലവിളംബം കൂടാതെ ഈ സംരംഭം പൂർത്തീകരിക്കപ്പെടുവാൻ സാധിക്കട്ടെ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന.

തീരം മാടപ്പള്ളി-പുതുപ്പള്ളി-കുറിച്ചി സെന്ററുകളിൽ പുതിയ അഡ്മിഷനുകൾ നടക്കുന്നതു കൊ് മാരുതി വാൻ മതിയാകാതെ വന്നിരിക്കുകയാണ്. കൂടുതൽ സ്ഥലസൗകര്യം ഉള്ള ഒരു പുതിയ വാഹനം ബാങ്ക് ലോൺ വഴി വാങ്ങിയിരിക്കുന്നു. ലോൺ തിരിച്ചടയ്ക്കുവാനുള്ള സഹായം ശ്രീമാൻ ഏലിയാസ് കവളപ്പാറയുടെ നേതൃത്വത്തിൽ ലനിൽ പ്രവർത്തിക്കുന്ന 'തീരം സുഹൃദ് സംഘം' വാഗ്ദാനം ചെയ്തിരിക്കുന്നു. പ്രത്യേക നന്ദി പ്രകാശിപ്പിക്കുന്നു.

പഞ്ചായത്തുകളിൽ നിന്നും ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികൾക്കുള്ള ധനസഹായം ഈ വർഷം കൂടുതൽ വ്യക്തികൾക്ക് ലഭിച്ചു എന്നത് സന്തോഷകരമാണ്. പക്ഷെ ഇനിയും നമ്മുടെ പഞ്ചായത്തുകൾ ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിക്കേിയിരിക്കുന്നു. തീരം നേതൃത്വം നൽകി പഞ്ചായത്ത് പ്രസിഡന്റുമാരെയും രക്ഷാകർത്താക്കളെയും കൂടുതൽ ഉത്സാഹിപ്പിച്ചു വരുന്നു. ഇക്കാര്യത്തിനായുള്ള ഗവൺമെന്റ് ഓർഡർ ശരിപകർപ്പ് ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. പഠന സഹായം കൂടാതെ യൂണിഫോം, പഠനോപകരണ സഹായം സ്ഥാപനങ്ങൾക്കുള്ള സംരക്ഷണ സഹായം, യാത്രാച്ചെലവ്, വിനോദയാത്രാ സഹായം എന്നിവയൊക്കെ നൽകുവാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. കേന്ദ്രഗവൺമെന്റിൽ നിന്നും ഏർപ്പെടുത്തിയിട്ടുള്ള 'നിരാമയ ഹെൽത്ത് ഇൻഷുറൻസ് സ്കീമിൽ' തീരം കുട്ടികളുടെ അപേക്ഷ സമർപ്പിച്ചതിൽ കോട്ടയം ജില്ലയിലെ 40 പേർക്ക് ഈ ചികിത്സാസഹായം (ആശുപത്രിയിൽ താമസിച്ച് ചികിത്സക്കേി വരുമ്പോൾ മാത്രം) ലഭ്യമാക്കിയിട്ടുണ്ട്. താമസിയാതെ എല്ലാവർക്കും ലഭ്യമാകും എന്നു പ്രതീക്ഷിക്കുന്നു.

ഇക്കാലമത്രയും തീരം പ്രവർത്തനങ്ങൾക്കായി നിശബ്ദ സഹായങ്ങൾ നൽകിയിട്ടുള്ള എല്ലാ വ്യക്തികളെയും (സംഭാവന ലിസ്റ്റ് 2008 പ്രസിദ്ധീകരിച്ചിട്ടുണ്ട് - www.icsctheeram.org വെബ്സൈറ്റിൽ ലഭ്യമാണ്). ആദരപൂർവ്വം അനുസ്മരിപ്പിക്കുന്നു. പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഉപദേശവും നൽകുന്ന ബോർഡ് അംഗങ്ങൾക്കും വിശിഷ്യ ചെയർമാൻ ഡോ.ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്തയ്ക്കും എന്റെ പ്രിയ സഹപ്രവർത്തകർക്കും പ്രത്യേക സ്നേഹാദരവുകൾ അർപ്പിക്കുന്നു.

വാത്സല്യവും കരുതലും സ്നേഹവും ആവശ്യമായിരിക്കുന്ന നമ്മുടെ തീരം കുടുംബത്തിലെ പ്രിയ അംഗങ്ങൾക്ക് / അവരുടെ ജീവിതങ്ങൾക്ക് /കൂടുതൽ ശോഭയും സന്തോഷവും പകരുന്നതിനായി നമുക്കെല്ലാം ഒന്നിക്കാം

സസ്നേഹം
കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ
ഡയറക്ടർ

ജൂലൈ 24,2009

നേത്രക്യാമ്പ്, കങ്ങഴ



കറുകച്ചാൽ തീരം



വ്യക്തിത്വ വികസന സെമിനാർ



രക്ഷാകർതൃ സമ്മേളനം, തിരുവല്ല



An Institution under the guidance of H.G.Dr.Geevarghese Mor Coorilos Metropolitan

Document Produced by deskPDF Unregistered :: http://www.docudesk.com

## ആലപ്പാട്ട് തീരം 2-ാം വാർഷികം

ആലപ്പാട്ട് തീരം സെന്ററിന്റെ രാമത് വാർഷികാഘോഷം 2009 ജനവരി 26-ാം തീയതി നടക്കുകയുായി കരകൗശലവസ്തുക്കളുടെ പ്രദർശനം, തീരം കലാസംഘത്തിന്റെ സ്റ്റേജ് ഷോ, മജീഷ്യൻ ലിയോൺസ് പാല അവതരിപ്പിച്ച മാജിക് ഷോ, സാംസ്കാരിക സമ്മേളനം തുടങ്ങിയവ നടന്നു. സാംസ്കാരിക സമ്മേളനത്തിൽ ഡോ.കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ മുഖ്യപ്രഭാഷണം നടത്തി. ആലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജാദാസ് അദ്ധ്യക്ഷനായിരുന്നു. നകുലൻ, എസ്, ഷിബു പളനിക്കുട്ടി ശോഭന മോഹൻ, എ രാജു സോളമൻ നെറ്റോ തുടങ്ങിയവർ ആശംശകളർപ്പിച്ചു സംസാരിച്ചു.



ആലപ്പാട് തീരം വയോജന കേന്ദ്രത്തിലെ അമ്മമാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.തീരം കോർഡിനേറ്റേഴ്സ് ടോമി മാത്യൂ സ്വാഗതവും ബിജി സ്റ്റീഫൻ നന്ദിയും പറഞ്ഞു.

## ഫ്രെ്സ് ഓഫ് തീരം കുവൈറ്റ് ചാപ്റ്റർ വാർഷികം

ഫ്രെ്സ് ഓഫ് തീരം കുവൈറ്റ് ചാപ്റ്റർ വാർഷികം 2009 ഫെബ്രുവരി 7ന് ഡോ.ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. നോബിൾ സഖറിയ അധ്യക്ഷത വഹിച്ചു. ഫാ.ബിജുമോൻ ജേക്കബ്, ഫാ.പോൾസൺ കീരിക്കാട്ടിൽ, ഫാ.സി കുര്യൻ, സാം പൈനുംമൂട്, മലയിൽ മൂസ കോയ, സഗീർ തൃക്കരിപ്പൂർ, സ്കറിയ, ബാബു പോൾ മാറാച്ചേരിൽ .കെ.കെ സിജു എന്നിവർ പ്രസംഗിച്ചു




## വ്യക്തിത്വവികസന സെമിനാർ

ഫെബ്രുവരി 27-28 തീയതികളിൽ തീരം സ്റ്റാഫിനു വേി വ്യക്തിത്വവികസന സെമിനാർ നടന്നു. മാനസിക വെല്ലുവിളികൾ നേരിടുന്നവരോടുള്ള സമീപനം-പരിപാലനം- വൊക്കേഷണൽ ട്രയിനിംഗ്, ഈ മേഖലയിലെ പുതിയ കത്തെലുകൾ, സർക്കാർ മേഖലയിലെ സേവനങ്ങൾ,നിയമസംരംക്ഷണം/അവകാശങ്ങൾ, ബിഹേവിയറൽ, സൈക്ക്യാട്രിക് സമീപനം തുടങ്ങിയ വിഷയങ്ങളിൽ സിസ്റ്റർ മേഴ്സിലറ്റ് (ബഥനി ശാന്തി ഭവൻ, കടമാൻകുളം) പ്രൊഫ.റെസീനാ പദ്മം (സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.) ഡോ.വർഗ്ഗീസ് പി. പുന്നൂസ്, (പ്രൊഫ. സൈക്ക്യാട്രിക് വിഭാഗം, മെഡിക്കൽ കോളേജ്, കോട്ടയം) അഡ്വ. ജയ്മോൻ തങ്കച്ചൻ (മദർ ലീഗൽ എയ്ഡ് സർവ്വീസ്) അഡ്വ. ജയാ പി. നായർ, (കുടുംബക്കോടതി, ഏറ്റുമാനൂർ) ശ്രീ എം. കെ ജയരാജ് (കോർഡിനേറ്റർ,AWH ഇൻസ്റ്റിറ്റ്യൂട്ട്. കോഴിക്കോട്), എന്നിവർ ക്ലാസ്സുകൾ എടുത്തു

## ആലത്തൂർ തീരം 4-ാം വാർഷികം



തീരം സെന്ററിന്റെ നാലാമത് വാർഷികം 2009 മെയ്യ് 21-ാം തീയതി ആലത്തൂർ A4 ആഡിറ്റോറിയത്തിൽ വച്ച് വിപുലമായി സംഘടിപ്പിച്ചു. രക്ഷാകർത്താക്കൾക്കും പൊതുജനങ്ങൾക്കുമായി അക്യൂപ്രഷർ തെറാപ്പിയും ബദൽ ചികിത്സയെക്കുറിച്ചുള്ള ബോധവത്കരണവും നടന്നു. ആലത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി രാജന്റെ അദ്ധ്യക്ഷതയിൽ കൂടിയ സാംസ്കാരിക സമ്മേളനത്തിൽ ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത ആമുഖപ്രഭാഷണം നടത്തി. ഡോ.കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ , സർവ്വോദയമണ്ഡലം ജില്ലാ പ്രസിഡന്റ് ആർ.രാജപ്പൻ, സോളിഡാരിറ്റി ജില്ലാപ്രസിഡന്റ് പി.എസ് അബൂഫൈസൽ, സിസ്റ്റർ മേഴ്സി ആന്റോ തുടങ്ങിയവർ സംസാരിച്ചു. തീരം കലാവേദി അവതരിപ്പിച്ച കലാപരിപാടികൾ ആലത്തൂർ മുൻസിഫ് സി.ആർ ദിനേഷ് ഉദ്ഘാടനം ചെയ്തു. തീരം കോർഡിനേറ്റേഴ്സ് കെ.രഘു സ്വാഗതവും കുമാരി രജിത നന്ദിയും പറഞ്ഞു.

## ആർച്ച്ബിഷപ്പ് മോർ തീത്തോസ് യൽദോയുടെ തീരം സന്ദർശനം

2009 മെയ്യ് 22 - ന് അഭിവന്ദ്യ ആർച്ച് ബിഷപ്പ് മോർ തീത്തോസ് യൽദോ മാടപ്പള്ളി, കുറിച്ചി, പുതുപ്പള്ളി തീരം സെന്ററുകളും ആലപ്പാട് സുനാമി മേഖലയിലെ തീരം/വയോജന കേന്ദ്രങ്ങളും സന്ദർശിച്ചു. തീരം സ്റ്റാഫംഗങ്ങളും കുട്ടികളും തിരുമേനിക്ക് ഹാർദ്ദവമായ സ്വീകരണം നൽകി. ആലപ്പാട്ട് തീരം പ്രവർത്തനങ്ങൾക്ക് അമേരിക്കയിലെ ആർച്ച് ഡയോസിസന്റെ സഹായങ്ങൾ തുടർന്നും ഉാകുമെന്ന് തിരുമേനി വാഗ്ദാനം നൽകി.



## കുടുംബ കൂട്ടായ്മ

കാസർഗോഡ് തീരത്തിലെ കുടുംബ കൂട്ടായ്മ ജൂൺ 18 ന ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.മാതാപിതാക്കൾ, പഞ്ചായത്ത് അംഗങ്ങൾ, തീരം അദ്ധ്യാപക/ രക്ഷാകർതൃ പ്രതിനിധികൾ ഈ കൂട്ടായ്മയിൽ പങ്കെടുത്തു. ഈ അവസരത്തിൽ ശ്രീമതി സുനിത/ബാലഗോപാൽ ദമ്പതികൾ(പയങ്ങപാടൻ) തീരം സെന്ററിനു വേി അഞ്ചു സെന്റു സ്ഥലം വാഗ്ദാനം ചെയ്തു. തിരുമേനി ആ കുടുംബത്തിനോടുള്ള നന്ദി അറിയിച്ചു



തീരം കോർഡിനേറ്റേഴ്സ് ബാബു തൂമ്പൻ സ്വാഗതവും മിതാമോൾ നന്ദിയും പറഞ്ഞു. തിരുമേനിയുടെ സന്ദർശനം കുട്ടികൾക്കും മാതാപിതാക്കൾക്കും വലിയ സന്തോഷവും അതോടൊപ്പം പുതിയ പ്രത്യാശകളും ഉാക്കി.

## രക്ഷാകർതൃ സമ്മേളനം

തീരം സെന്ററുകളുടെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിലെ മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ രക്ഷാകർത്താക്കളുടെ സമ്മേളനവും ബോധവത്കരണ സെമിനാറും തിരുവല്ലായിൽ വച്ച് 2009 ജൂലൈ 11 ന് ഡോ.ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ നടന്നു. തിരുവല്ല നഗരസഭാ ചെയർമാൻ ജേക്കബ് വഞ്ചിപ്പാലം സമ്മേളനം ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട എം.പി ആന്റോ ആന്റണി മുഖ്യപ്രഭാഷണം നടത്തി. ഡോ.കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ, തിരുവല്ല നഗരസഭാ വാർഡ് മെമ്പർ ശ്രീ.എ.പി ഗോപാലകഷ്ണൻ ശ്രീ.സാം ഈപ്പൻ, YMCA സെക്രട്ടറി ശ്രീ.ജോയ് ജോൺ, ശ്രീ.സി.കെ രാജൻ, ശ്രീ.കെ.ടി ശ്രീധരൻ ശ്രീ.കെ.എം സുഗുണൻ സെക്രട്ടറി, ശ്രീ. പി.കെ ഗോപാലൻ, സാജൻ സി ജയിംസ് (തീരം) റെജി മാത്യൂ (തീരം) പ്രീതി മാത്യൂ(തീരം) തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് നടന്ന ബോധവത്കരണ ക്ലാസുകൾക്ക് ഡോ.ഫിലിപ്പോസ് എ (സെൻട്രൽ വെൽഫേയർ ബോർഡ് പ്രോജക്ട് ഓഫീസർ) അഡ്വ. ഉമ്മൻ എം മാത്യൂ, ശ്രീമതി അന്നമ്മ ഇസ്രയേൽ, ശ്രീ.എസ്.വി സുബ്ബിൻ,ശ്രീ.സജു ഇടക്കല്ലിൽ, മിനി ശ്യാം മോഹൻ തുടങ്ങിയവർ നേതൃത്വം കൊടുത്തു. മുന്നോറോളം രക്ഷാകർതൃ പ്രതിനിധികൾ പങ്കെടുത്തൂ

Document Produced by deskPDF Unregistered :: http://www.docudesk.com

**4.ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം.**

4.1 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ/ബി.പി.എൽ ഗ്രൂപ്പുകൾ എന്ന വേർ തിരിവില്ലാതെ തന്നെ സഹായം നൽകാവുന്നതാണ്.

4.2 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിനു ചുവടെ വിവരിക്കുന്ന ഇനങ്ങൾ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്.

**(a) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്:**

(1) സർജിക്കൽ ഷൂസ്/ആംഗിൾ ബൂട്ട്/മോൾഡഡ് ഷൂസ്/ ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/ മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്/ അക്കോമഡേറ്റീവ് പാദരക്ഷകൾ

(2) ഓർത്തോപീഡിക്ക് ഉപകരണങ്ങൾ/ വിവിധ തരം കറക്റ്റീവ് ഷൂസുകൾ

(3) വിവിധ തരം കൃത്രിമ അവയവങ്ങൾ/ കാൽ, കൈ എന്നിവ

(4) സഞ്ചാര സഹായികൾ/ വിവിധ തരം ക്രച്ചസ്, വാക്കേഴ്സ് (Walkers)

(5) ലംബാർ കോർസെറ്റ്/സ്പൈനൽ ബ്രേസ്/ജാക്കറ്റ്/ നീ ബ്രേസ് (Knee brace)/സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പ്ലിന്റ്സ്/ വീൽ ചെയർ/ കൈകൊണ്ടുപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ ട്രൈസൈക്കിളുകൾ

**(b) കേഴ്വി ശക്തി കുറഞ്ഞവർക്ക്**

ശ്രവണ സഹായികൾ (Hearing Aids)

**(c) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്**

(1) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് നല്കാവുന്ന ഉപകരണങ്ങൾ ഈ വിഭാഗത്തിലെ ആളുകളുടെ ആവശ്യമനുസരിച്ച്.

(2) ഓരോ വ്യക്തിയുടേയും ആരോഗ്യ സ്ഥിതി അനുസരിച്ച് നിർമ്മിച്ചിട്ടുള്ള ട്രൈ സൈക്കിളുകളും വീൽ ചെയറുകളും.

(3) കുട്ടികൾക്ക് ഉപയോഗിക്കാവുന്ന ഡിസൈനർ ഫർണീച്ചർ

**(d) കാഴ്ച്ച കുറഞ്ഞവർക്ക്**

(1) ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയ്ൻ

(2) ഹാന്റ് ഹെൽഡ് സ്റ്റാന്റ്, ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിന്തസൈസേഴ്സ്, കമ്പ്യൂട്ടറിനാവശ്യമായ ബ്രെയ്‌ലി അറ്റാച്ച്മെന്റുകൾ.

(3) കാഴ്ച്ച കുറഞ്ഞവർക്കും കേഴ്വി കുറഞ്ഞവർക്കുമായി ടെലഫോൺ ഘടിപ്പിക്കുന്ന ബ്രെയ്‌ലി അറ്റാച്ച്മെന്റ്.

(4) ബ്രെയ്‌ലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ- ഷോർട്ട് ഹാൻഡ് ബ്രെയ്‌ലി മെഷീൻ, പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയ്‌ലി ടൈപ്പ്റൈറ്റർ, ടോക്കിംഗ് കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.

(5) പ്രത്യേക പഠന സാമഗ്രികൾ

**(e) മുകളിൽ വിവരിച്ച ഉപകരണങ്ങളുടെ വില നിശ്ചയിക്കുന്നതും അവ വാങ്ങുന്നതും ആരോഗ്യ വകുപ്പിന്റെ നിലവിലുള്ള നടപടി ക്രമങ്ങൾ പാലിച്ചു വേണം. അല്ലെങ്കിൽ വികലാംഗ കോർപ്പറേഷൻ മുഖേനയുള്ള സംഭരണം ആയിരിക്കണം.**

4.3 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ചുവടെ വിവരിക്കുന്ന സഹായങ്ങൾ നിശ്ചിത നിരക്ക് പ്രകാരം നൽകാവുന്നതാണ് .

**(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| ക്രമ നമ്പർ | സ്റ്റാൻഡേർഡ്/ക്ലാസ് | പ്രതിമാസ സ്കോളർഷിപ്പ്/ ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റലർ | |
| (1) | (2) | (3) | (4) | (5) |
| 1 | 1-4/നഴ്സറി ക്ലാസ് | 300 | --- | 400 |
| 2 | 5-8 | 400 | --- | 500 |
| 3 | 9,10,+2 | 500 | 800 | 600 |
| 4 | ബിരുദം | 750 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ഓർത്തോപീഡിക്കലി ചലഞ്ചഡ് ആയിട്ടുള്ളവർക്ക് യാത്രാബത്ത | 150 രൂപയോ യഥാർത്ഥ ചെലവോ | --- | --- |
| 8 | സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗിക്കുമ്പോൾ യാത്രാബത്ത | യഥാർത്ഥ ചെലവ് | --- | --- |

Document Produced by deskPDF Unregistered :: http://www.docudesk.com

## (ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ്/ ബത്ത (രൂപ) |
|---|---|---|
| (1) | (2) | (3) |
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 750 |
| 2 | വസ്ത്രങ്ങള്ക്കുള്ള ബത്ത (വാർഷികം) | 750 |
| 3 | പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് വാർഷിക ബത്ത | 1250 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത, ഉല്ലാസയാത്ര ചെലവുകൾ, പഠനപര്യടനം മുതലായവ | (i) യഥാർത്ഥ ചലവ് (ii) രക്ഷാകർത്താക്കളിൽ ഒരാൾക്ക്/ ഒരു സഹായിക്കുള്ള ചലവ്. |
| 5 | 21 വയസ്സോ അതിൽകൂടുതലോ ഉള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | പ്രതിമാസം 600 രൂപ –ഡേ കെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശ ഭരണ സ്ഥാപനം ഉറപ്പു വരുത്തണം. |

ഗ്രാമപ്രദേശങ്ങളിൽ മുകളിൽ പ്രതിപാദിച്ചിട്ടുള്ള സഹായങ്ങൾ നൽകുന്നതിനുള്ള തുക ത്രിതല പഞ്ചായത്തുകൾ സംയുക്തമായി വഹിക്കേതാണ്. അപ്രകാരം വിഹിതം നിശ്ചയിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ചുവടെ വിവരിക്കുന്നു.

(a) ദാരിദ്ര നിർമ്മാർജ്ജന ഉപപദ്ധതിയുടെ സൂക്ഷ്മ പദ്ധതി തയ്യാറാക്കുന്ന അവസരത്തിൽ ഗ്രാമ പഞ്ചായത്തുകൾ , അയൽകൂട്ടങ്ങളിൽ വച്ച് പങ്കാളിത്ത ആവശ്യവിലയിരുത്തൽ പ്രക്രിയ മുഖേന ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്ന ആളുകളെ കത്തേതാണ്.

(b) ഇപ്രകാരം കത്തുന്ന ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പട്ടിക ഗ്രാമപഞ്ചായത്തുകൾ നോട്ടീസ് ബേർഡിൽ പ്രസിദ്ധീകരിക്കുകയും ഗ്രാമ സഭകളിൽ ഉറക്കെ വായിക്കുകയും വേണം.

(c) എ.പി.എൽ കുടുംബങ്ങളിൽ നിന്നോ, അയൽക്കൂട്ടത്തിൽ അംഗമല്ലാത്ത കുടുംബങ്ങളിൽ നിന്നോ പട്ടികയിൽ ഒഴിവായിപോയിട്ടുള്ളവരിൽ നിന്ന് അപേക്ഷ് ക്ഷണിക്കണം.

(d) അംഗവൈകല്യം സംഭവിച്ചവർക്കു വേി ജില്ലാമെഡിക്കൽ ഓഫീസറുടെയും സ്പേഷ്യലിസ്റ്റ് ഡോക്ടർമാരുടെയും പങ്കാളിത്തത്തോടെ ഒരു ഡിസെബിലിറ്റി സർട്ടിഫിക്കേറ്റ് ക്യാമ്പ് സംഘടിപ്പിക്കുക

(e) ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിവിധ ആവശ്യങ്ങളും അത് നേടുന്നതിനുള്ള ചെലവും തിട്ടപ്പെടുത്തുക.

(f) പുനരധിവാസ പദ്ധതിയുടെ ആകെ ചലവ് 50:30:20 എന്ന അനുപാതത്തിൽ ഗ്രാമ,ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾക്ക് വിഭജിക്കുക.

(g) ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ അവയുടെ വിഹിതം അറിയിച്ച് അതു പ്രകാരം വിഭവശേഖരണം നടത്തുക.

(h) ഗുണ ഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിലൂടെയാണ തുക നൽകേത്.

- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക്/വ്യക്തികൾക്ക് അനുവദനീയമായ സഹായങ്ങൾ, വളർച്ച സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം ഓട്ടിസം മുതലായവ നേരിടുന്ന കുട്ടികൾക്കും/ ആളുകൾക്കും കൂടി നൽകാവുന്നതാണ് .
- സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതു പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്കേളർഷിപ്പ് നേരിട്ട് നൽകാവുന്നതാണ്. ഈ സംഗതികളിൽ, വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ശരിയായ സുരക്ഷയും വികസനവും ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ മോണിറ്ററിംഗ് സംവിധാനം തദ്ദേശഭരണസ്ഥാപനങ്ങൾ ആവിഷ്കരിക്കേതാണ് .
- തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബ ശ്രീയുടെ സഹായത്തോടെ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ് . യോഗ്യരായ അദ്ധ്യാപർക്ക് പ്രതിമാസം 3000 രൂപ ഹെൽപ്പർമാർക്ക് പ്രതിമാസം 1500 രൂപ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സെപ്ഷ്യലിസ്റ്റുകൾക്ക് അവർ സ്ഥാപനം സന്ദർശിക്കുന്ന ഒരോ അവസരത്തിലും 250 രൂപ എന്നീ നിരക്കുകളിൽ ഹോണറേറിയം നൽകാവുന്നതാണ് . ഈ ആവശ്യത്തിനു വികസന ഫ്/പൊതു ആവശ്യഫ്/തനത് ഫ് ഉപയോഗിക്കാവുന്നതാണ്.

തീരം ഡയറക്ടർ മൂലയിൽ ഡോ.കുര്യാക്കോസ് കോറെപ്പിസ്കോപ്പായെ കേരള സ്റ്റേറ്റ് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ ആയി കേരള സർക്കാർ തെരഞ്ഞെടുത്ത വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു

### തീരത്തിന് പുതിയ വിംഗർ വാൻ



ല നിൽ പ്രവർത്തിക്കുന്ന തീരം സുഹൃദ് സംഘത്തിന്റെ സഹായത്തോടെ തീരത്തിനു കൂടുതൽ കുട്ടികളുടെ യാത്രാസൗകര്യം മാനിച്ച് പുതിയ വിംഗർ വാൻ വാങ്ങിച്ചു. ഈ പ്രയത്നത്തിൽ സഹകരിക്കുന്ന ലനിലുള്ള സുഹൃദ് സംഘത്തിനുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

*Administrative Office*
Nalunnakkal Post,Vakathanam, Kottayam-686538
Kerala, India. Tel. 0481 2463616, 0481 2467356
email:moolelachen@yahoo.com
**www.icsctheeram.org**

*Board of Trustees (ICSC)*
H.G. Dr. Geevarghese Mor Coorilos (Chairperson)
Prof.T.S.N Pillai (Member)
Prof. P. Radhika (Member)
Dr.Joseph Mathew (Member)
Mr.K.T. Sreedharan (Member)
V.Rev.Kuriakose Corepiscopa Moolayil (Member)

*Director*
V.Rev.Kuriakose Corepiscopa Moolayil
Mobile: 944 620 3002

design & layout.shashi memuri(Theeram)

Document Produced by deskPDF Unregistered :: http://www.docudesk.com